പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2244

17.6.2014 ൽ
മറുപടിയ്ക്ക്

## കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ; | എ) നിലവിൽ ആകെയുള്ള 30 ഏക്കറിൽ, ശേഷിക്കുന്ന 18 ഏക്കർ സ്ഥലത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ 3.3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള, 70 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പ്രസ്തുത ഐ.ടി. മന്ദിരത്തിന് 2 MVA power നൽകുന്നതിനുള്ള Deposit Work ന്റെ തുടർനടപടികൾ KSEB സ്വീകരിച്ചുവരുന്നു. 2 MLD ജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ KWA,Deposit Work ആയി ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനായി ചാലക്കുടി നദിയുടെ സമീപത്തുനിന്നും പാർക്കിലേയ്ക്കുള്ള പൈപ്പിടൽ പുരോഗമിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രസ്തുത ഐ.ടി. മന്ദിരത്തിലേയ്ക്കുള്ള internal roads, STP, Water sump എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും എടുത്തിട്ടുണ്ട്. കൂടാതെ ഈ 18 ഏക്കർ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2015 മാർച്ച് മാസത്തോടെ പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്ന പദ്ധതി ഏകദേശം 3000 ഐ.ടി വിദഗ്ധർക്ക് തൊഴിൽ നൽകുമെന്നു പ്രതീക്ഷിക്കുന്നു. |
| ബി) ഇതിനായി കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ബി) ഉണ്ട്. |

സെക്ഷൻ ഓഫീസർ